**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 17.12.2024

# വിജിലൻസ് ഉദ്യോഗസ്ഥർക്കായി വിജിലൻസ് ആസ്ഥാനത്ത് പഠന ക്ലാസ്സ് സംഘടിപ്പിച്ചു.

വിജിലൻസ് ഉദ്യോഗസ്ഥരിൽ പ്രൊഫഷണലിസവും നിയമ പരിജ്ഞാനവും വർദ്ധിപ്പിക്കുകയും, സാങ്കേതിക മികവുള്ളവരാക്കുകയും ചെയ്യുകയെന്നുള്ള ഉദ്ദേശത്തോടുകൂടി വിജിലൻസ് ആസ്ഥാനത്ത് ഒരു ക്ലാസ് സംഘടിപ്പിച്ചു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഇൻസ്പെക്ടർമാർ മുതൽ പോലീസ് സൂപ്രണ്ടുമാർ വരെയുള്ള അന്വേഷണ ഉദ്യോഗസ്ഥർക്ക് സാമ്പത്തിക കുറ്റകൃത്യങ്ങൾ, അനധികൃത സ്വത്ത് സമ്പാദനം, ബാങ്കിംഗ് ഫ്രോഡ് എന്നീ വിഷയങ്ങളിലെ അന്വേഷണം സംബന്ധിച്ചാണ് ഇന്ന് (17/12/2024) വിജിലൻസ് ആസ്ഥാനത്തുള്ള കബനി ഹാളിൽ വച്ച് ക്ലാസ് നടന്നത്. പ്രസ്തുത ക്ലാസ് വിജിലൻസ് ഡയറക്ടർ & ഡി.ജി.പി ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് കൈകാര്യം ചെയ്തു. വിജിലൻസ് ആദ്യമായാണ് ഇത്തരത്തിൽ പ്രൊഫഷണൽ അന്വേഷണം സംബന്ധിച്ച ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നത്.

സി.ബി.ഐ, ഇ.ഡി, വിവിധ കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ സി.ഇ.ഓ/എം.ഡി തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള വിജിലൻസ് ഡയറക്ടർ ബാങ്കിംഗ് ഫ്രോഡ്, ഫിനാൻഷ്യൽ ഇൻവെസ്റ്റിഗേഷൻ എന്നീ വിഷയങ്ങളിൽ രാജ്യത്തെ തന്നെ മികച്ച അന്വേഷകൻ ആണ്.

വിജിലൻസ് കേസുകളിൽ പ്രൊഫഷണലിസത്തിൽ ഊന്നൽ നൽകിയുള്ള അന്വേഷണ രീതികളെ കുറിച്ചും, സാമ്പത്തിക കുറ്റാന്വേഷണത്തിലെ നൂതനതകൾ ഒഴവാക്കുന്നതിനെ കുറിച്ചും വിശദമായ രീതിയിൽ ക്ലാസ് എടുക്കുകയുണ്ടായി. തുടർന്നും ഇത്തരത്തിൽ പരിശീലന ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.